# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :90** 04/06/2018 **ൽ മറുപടിക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

**ചോദ്യം**

**ശ്രീ.അബ്ദുൽ ഹമീദ്.പി.**

**ഉത്തരം**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തര ധനസഹായം ലഭിക്കേണ്ട കേസുകളിൽ ധന സഹായം നൽകുന്നതിന് നിലവിൽ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷ നൽകി ഒരു മാസത്തിനുള്ളിൽത്തന്നെ ധനസഹായം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(എ) യും (ബി) യും (സി) യും ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തിര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നു. വിതരണത്തിലെ കാലതാമസം ഒഴിവാക്കാനായി ഓൺ ലൈൻ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും ഓൺലൈനായി നൽകി വരുന്നു. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുന്നതിനായി Direct Benefit Transfer (DBT) സംവിധാനം നിലവിൽ വന്നിട്ടുണ്ട്. DBT സംവിധാനം പ്രയോജനപ്പെടുത്തുന്നതിലേക്കായി അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്ത

അപേക്ഷകളിൽ വിവരങ്ങൾ ഉൾപ്പെടുത്തി തുക നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനായി അപേക്ഷകൾ സജ്ജമാക്കുന്നതിനും..തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതല പ്പെടുത്തിയിട്ടുണ്ട് . അടിയന്തിര സാഹചര്യ ങ്ങളിൽ ജില്ലാ കളക്ടർ 10,000 രൂപ വരെ നേരിട്ട് ധനസഹായം അനുവദിക്കുന്നുണ്ട്.

Bindumol.K.N

സെക്ഷൻ ഓഫീസർ